(എംഎസ്.) നമ്പർ 392/2015/ഉ.വി.വ. ഉത്തരവുകൾ പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലെയും സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുമുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയിൽ നേടേണ്ട കുറഞ്ഞ മാർക്ക് കണക്ക്, ഫിസിക്സ്, കെമിസിടി എന്നിവയ്ക്ക് മൊത്തത്തിൽ 45% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇത് എ.ഐ.സി.ടി.ഇ. (AICTE) അംഗീകരിച്ച മാനദണ്ഡമാണ്.

(സി) 2014-ൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് യോഗ്യത മാർക്ക് മാത്തമാറ്റിക്സിന് മാത്രം 50 ശതമാനവും മാത്തമാറ്റിക്സ് ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്ക് ആയിരുന്നു. എന്നാൽ മാത്തമാറ്റിക്സിന് 45 % മാർക്ക് നേടിയ വിദ്യാർത്ഥികൾ ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ മൊത്തം 60 ശതമാനം മാർക്ക് നേടിയിട്ടുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികളും എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് അഡ്മിഷന് അർഹരാണ്.

(ഡി) ഉണ്ട്. അവസാന അലോട്ട്മെന്റിന്ശേഷം ഒഴിവ് വരുന്ന മെറിറ്റ് സീറ്റുകൾ അതാത് മാനേജ്മെന്റുകൾക്ക് നികത്താവുന്നതാണ്.

(ഇ) എ.ഐ.സി.ടി.ഇ. (AICTE) അംഗീകരിച്ച മാനദണ്ഡപ്രകാരമാണ് സ്വകാര്യ സ്വാശ്രയ/സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിൽ യോഗ്യതാമാർക്കിൽ മാറ്റം വരുത്തിയത്.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച

8 (3725) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയുണ്ടായോ ; ഇത് സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ ;

(ബി) നിലവാരത്തകർച്ച സംബന്ധിച്ച ഹൈക്കോടതി പരാമർശത്തിന് വിധേയമായ കോളേജുകളുടെ നിലവിലെ സ്ഥിതി എന്താണ് ; ഇത്തരം കോളേജുകളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ അദ്ധ്യയന വർഷം ഇത് എത്രയായിരുന്നു ;

(ഡി) ഈ സാഹചര്യത്തിൽ പുതിയ കോളേജുകൾ അനുവദിക്കുന്ന കാര്യത്തിൽ നിയന്ത്രണം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ; ഈ സർക്കാർ ഇതുവരെ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വാശ്രയമേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയ നിരീക്ഷണങ്ങളും സർക്കാർ പരിഗണിച്ചിട്ടുണ്ട്.

(ബി) ചില എഞ്ചിനീയറിംഗ് കോളേജുകളിൽ വിജയശതമാനം കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിലും സർവ്വകലാശാലാ തലത്തിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശോധനകൾ നടത്തുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ സ്ഥാപനമേധാവികളെ സർക്കാർ വിളിച്ചുവരുത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് സ്ഥാപനങ്ങളുടെ നിലവിലുള്ള വിജയ ശതമാനം, അദ്ധ്യാപകരുടെ എണ്ണം, യോഗ്യത, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവയും പരിഗണിക്കാറുണ്ട്. സർക്കാർ സ്വീകരിച്ച ഇത്തരം നടപടികളുടെ ഭാഗമായി പല സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെയും വിജയശതമാനം മെച്ചപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ് അദ്ധ്യയന വർഷം ഏകദേശം ഇരുപത്തി രണ്ടായിരത്തോളം എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നതായി കണക്കാക്കുന്നു.

(ഡി) പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്ന കാര്യത്തിൽ തൽക്കാലം നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 37 പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly